# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1311 — 11.02.2016 ൽ മറുപടിയ്ക്ക്

## പൊതുമരാമത്ത് പണികൾ

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | ഉത്തരം<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
|---|---|---|
| (എ) റാന്നി നിയോജകമണ്ഡലത്തിൽ നിർമ്മാണം നടക്കുന്ന മിനി സിവിൽസ്റ്റേഷൻ, വെച്ചൂച്ചിറ പോളിടെക്നിക് കെട്ടിടം, താലൂക്ക് ആശുപത്രി കെട്ടിടം എന്നിവയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; ഇവ ഓരോന്നിനും എത്ര തുക വീതമാണ് ചെലവഴിക്കുന്നത് എന്ന് വ്യക്തമാക്കാമോ;<br>(ബി) ഓരോ കെട്ടിടത്തിനും നിർമ്മാണത്തിനിടയിലുണ്ടായ തടസ്സങ്ങൾ നീക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;<br>(സി) ഓരോ പ്രവർത്തികളും എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകും എന്ന് പറയാമോ? | (എ)<br>(ബി)<br>&<br>(സി) | <u>റാന്നി മിനി സിവിൽസ്റ്റേഷൻ</u><br>റാന്നി നിയോജകമണ്ഡലത്തിൽ നിർമ്മാണം നടക്കുന്ന മിനി സിവിൽസ്റ്റേഷന് 6,33,05,997/- രൂപ ഒന്നാം ഘട്ടമായി ചെലവഴിച്ച് പണി പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ ഓവർഹെഡ് വാട്ടർ ടാങ്ക് നിർമ്മാണം പൂർത്തിയാക്കി വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><u>വെച്ചൂച്ചിറ പോളിടെക്നിക് പ്രധാന കെട്ടിടം</u><br>വെച്ചൂച്ചിറ പോളിടെക്നിക്കിനുവേണ്ടിയുള്ള പ്രധാന കെട്ടിടത്തിന്റെ സ്ട്രക്ച്ചർ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. തുടർന്ന് കരാറുകാരന്റെ സാമ്പത്തിക പ്രതിസന്ധിമൂലം ടെർമിനേറ്റ് ചെയ്ത് റീ-ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു.<br><u>ആൺ-പെൺ കുട്ടികളുടെ ഹോസ്റ്റൽ</u><br>വെച്ചൂച്ചിറ പോളിടെക്നിക്കിലെ ആൺ-പെൺകുട്ടികളുടെ ഹോസ്റ്റലിന് 6,67,39,447/- രൂപയാണ് ചെലവഴിക്കുന്നത്.<br>പെൺകുട്ടികളുടെ ഹോസ്റ്റൽ (കേന്ദ്ര സഹായം) പദ്ധതിക്ക് 1,23,00,000/- രൂപയാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത പ്രവൃത്തി പലതവണ ടെണ്ടർ ചെയ്തിട്ടും പ്രതികരണമൊന്നുമില്ലാത്തതിനാൽ |

ക്വട്ടേഷൻ ക്ഷണിച്ചെങ്കിലും ആയതിനും പ്രതികരണമൊന്നും ലഭ്യമായിട്ടില്ല.

റാന്നി താലൂക്ക് ആശുപത്രി

റാന്നി താലൂക്ക് ആശുപത്രി ഒ.പി.സർജിക്കൽ ബ്ലോക്കിനുവേണ്ടി 4,91,86,199/- രൂപയാണ് ചെലവഴിക്കുന്നത്. പ്രസ്തുത പദ്ധതിയുടെ സിവിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു. ലിഫ്റ്റിന്റെ പണി പൂർത്തീകരിക്കുവാൻ ബാക്കിയുണ്ട്.

**സെക്ഷൻ ഓഫീസർ**